## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 715** | **28.02.2017-ൽ മറുപടിയ്ക്ക്**

## നോട്ട് പിൻവലിക്കൽ നടപടി -സഹകരണ ബാങ്കുകൾക്കുണ്ടായ നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. സ്വരാജ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നോട്ട് പിൻവലിക്കൽ നടപടിയെ തുടർന്ന് സഹകരണ ബാങ്കുകളുടെ പണമിടപാടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതു മൂലം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് നോട്ട് പിൻവലിക്കൽ നടപടിയെ തുടർന്ന് നഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സാധ്യമായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമാക്കി. സഹകരണ ബാങ്കുകൾ/ സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നഷ്ടവും നിലവിലെ നിയന്ത്രണങ്ങളും മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ? | (സി) | പ്രാഥമിക സഹകരണ സംഘത്തിൽ /ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിക്കുന്നതിനും പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000/- രൂപയോ, റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/സ്ഥാപനങ്ങൾക്ക് നൽകുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും നിർദേശങ്ങൾ നൽകി ഇത്തരത്തിൽ സഹകരണ സംഘങ്ങൾക്കും ഇടപാടുകാർക്കും കഴിയുന്നത്ര ആവശ്യങ്ങൾ നിറവേറ്റുവാനും നോട്ട് നിരോധനം മൂലമുണ്ടായ ദുരിതങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

2016-17 സാമ്പത്തിക വർഷം വായ്പ ക്രമപ്രകാരം തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശ തുകയുടെ 10% ഇളവ് അനുവദിക്കുകയും, കുടിശ്ശിക വായ്പാക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017", നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ